## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1428**     **11.08.2017 ൽ മറുപടിയ്ക്ക്**

## തരിശുസ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് സബ്സിഡി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. നെൽകൃഷിയിലേയ്ക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ട് വരുന്നതിനുവേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30,000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും നൽകുന്നു. ഒന്നാം വർഷം കർഷകന് 25,000/-രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയും നൽകും. രണ്ടാം വർഷം കർഷകന് 5,800/- രൂപയും ഭൂവുടമയ്ക്ക് 1,200/- രൂപയും നൽകി വരുന്നു. |
| ബി) തരിശായിക്കിടക്കുന്ന ഏതൊക്കെ സ്ഥലങ്ങളിലാണ് ഈ സർക്കാർ വന്നതിനുശേഷം കൃഷി ചെയ്തതെന്ന് വ്യക്തമാക്കുമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016-17 വർഷം പുതിയതായി 2956 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി ഇറക്കിയിട്ടുണ്ട്. 2752 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 94 ഹെക്ടർ ഒരുപ്പൂ നിലം ഇരുപ്പൂനില കൃഷിയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 8157 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| സി) സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ തരിശു നിലത്താണ് കഴിഞ്ഞ വർഷം കൃഷി ചെയ്തതെന്ന് വ്യക്തമാക്കുമോ? | സി) കഴിഞ്ഞ സാമ്പത്തിക വർഷം 2752 ഹെക്ടർ തരിശുനിലത്ത് പുതിയതായി നെൽ കൃഷി ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ